**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1672** **20-06-2024 - ൽ മറുപടിയ്ക്ക്**

**നെൽകർഷകരുടെ കുടിശിക നൽകാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ രമേശ് ചെന്നിത്തല | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | ആലപ്പുഴ ജില്ലയിലെ കുട്ടനാട്, അപ്പർകുട്ടനാട് മേഖലകളിലെ നെൽകർഷകരിൽ നിന്നും നെല്ല് സംഭരിച്ച ഇനത്തിൽ എത്ര രൂപയാണ് കൃഷിവകുപ്പിൽ നിന്നും കർഷകർക്ക് നൽകാനുള്ളതെന്നും എത്ര കർഷകർക്ക് എത്ര രൂപയുടെ കുടിശികയാണ് നല്കേണ്ടതെന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ; | (എ) | ആലപ്പുഴ ജില്ലയിലെ കുട്ടനാട്, അപ്പർ കുട്ടനാട് മേഖലകളിലെ നെൽ കർഷകരിൽ നിന്നും സപ്ലൈകോ നെല്ല് സംഭരിച്ച ഇനത്തിൽ 7993 കർഷകർക്കായി 68.97 കോടി രൂപ നൽകാനുണ്ട്. |
| (ബി) | നെൽകർഷകർക്ക് അവർ നൽകിയ നെല്ലിന്റെ വില നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ? | (ബി) | വികേന്ദ്രീകൃത നെല്ല് സംഭരണ പദ്ധതിയുടെ നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്ന സപ്ലൈകോ സർക്കാരിൽ നിന്ന് തുക ലഭിക്കുന്നതുവരെ കർഷകർക്ക് നെല്ലിന്റെ വില നൽകുന്നതിനായി ബാങ്കുകളുമായി കരാറിലേർപ്പെടുന്നു. തുടർന്ന് കരാറിലേർപ്പെട്ടിരിക്കുന്ന ബാങ്കുകൾ മുഖാന്തിരം പി.ആർ.എസ് വായ്പയായി സംഭരിച്ച നെല്ലിന്റെ വില കർഷകർക്ക് അക്കൗണ്ടിലേയ്ക്ക് നൽകുന്നു.<br><br>2023-24 സീസണിൽ പരമാവധി വേഗത്തിൽ സംഭരിച്ച നെല്ലിന്റെ വില നൽകുന്നതിന് എസ്.ബി.ഐ, കാനറ എന്നീ കൺസോർഷ്യം ബാങ്കുകളുമായി സപ്ലൈകോ കരാറിൽ ഏർപ്പെട്ടിട്ടുള്ളതും, പി.ആർ.എസ് വായ്പാപദ്ധതി പ്രകാരം കർഷകന്റെ അക്കൗണ്ടിൽ നെല്ലിന്റെ വില നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. 2023-24 സീസണിൽ സംസ്ഥാനത്ത് 1,96,140 കർഷകരിൽ നിന്ന് 5.56 ലക്ഷം മെട്രിക് ടൺ നെല്ല് സംഭരിച്ചിട്ടുണ്ട്. ആയതിന്റെ സംഭരണ വില 1568.53 കോടി രൂപയാണ്. നിലവിൽ എസ്.ബി.ഐ., കാനറ ബാങ്കുകളിലൂടെ PRS വായ്പ മുഖേനയാണ് കർഷകരുടെ സംഭരണ വില നൽകി വരുന്നത്. ഇതിലേക്കായി 1,69,260 കർഷകരുടെ 1352.37 കോടി രൂപയുടെ ലിസ്റ്റ് ടി ബാങ്കുകളിലേക്കായി സപ്ലൈകോ നൽകിയിട്ടുണ്ട്. ആയതിൽ 1,31,877 കർഷകർക്ക് നെല്ലിന്റെ വിലയായി 1054.03 കോടി രൂപ മേൽ പറഞ്ഞ ബാങ്കുകളിലൂടെ വിതരണം ചെയ്തു |

| | | | |
|---|---|---|---|
| | | | കഴിഞ്ഞു. ബാക്കി വരുന്ന കർഷകർക്ക് അടിയന്തിരമായി പണം നൽകുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചു വരുകയാണ്. |

സെക്ഷൻ ഓഫീസർ